# കേരള കാർഷിക സർവ്വകലാശാല
മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

---

**ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് - 2023**

നമ്പർ ജി.എ/ജി-1/799/2023 തിയ്യതി: 16/05/2023

**<u>വിജ്ഞാപനം</u>**

**കേരള കാർഷിക സർവ്വകലാശാലയിലെ ജനറൽ കൗൺസിലിലേക്ക് സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം നിറുത്തി വയ്ക്കുന്നത് സംബന്ധിച്ച്.**

27/04/2023 തിയ്യതിയിൽ ഇതേ നമ്പറായി വിജ്ഞാപനം ചെയ്തിട്ടുള്ള കേരള കാർഷിക സർവ്വകലാശാലയിലെ ജനറൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിൽ സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി മുന്നോട്ട് പോകുന്നത് ഒരു മാസ കാലയളവിലേക്ക് തടഞ്ഞു കൊണ്ട് WP(C) No.15280/2023 കേസിലെ 12/05/2023 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതിനാൽ;

27/04/2023 തിയ്യതിയിൽ ഇതേ നമ്പറായി വിജ്ഞാപനം ചെയ്തിട്ടുള്ളതിൽ കേരള കാർഷിക സർവ്വകലാശാലയിലെ ജനറൽ കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിൽ സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നടപടികളും താൽക്കാലികമായി നിറുത്തി വച്ചിരിക്കുന്നതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു വിഭാഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ പ്രസിദ്ധീകരിച്ച സമയക്രമം അനുസരിച്ച് മാറ്റമില്ലാതെ നടക്കുന്നതാണ്.

**റിട്ടേണിംഗ് ഓഫീസർ & രജിസ്ട്രാർ**

**സ്വീകർത്താവ്**

1. സർവകലാശാലയ്ക്കു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും മേലധികാരികൾക്ക് (സ്ഥാപനത്തിലെ സ്ഥിരം തൊഴിലാളികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്)
2. ഡയറക്ടർ, ഡി.ഐ.എസ് (സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
3. By email to: announce@kau.in, teachers@kau.in, employees@kau.in

**പകർപ്പ്:** വി.സിയുടെ സെക്രട്ടറി / വി.സിയുടെ പി.എ / രജിസ്ട്രാറുടെ പി.എ / ജോയിന്റ് രജിസ്ട്രാർ (ഭരണം-I), ജോയിന്റ് രജിസ്ട്രാർ (ഭരണം-II), അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം-I) / അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം II) / അസിസ്റ്റന്റ് രജിസ്ട്രാർ(ജി.സി/ഇ.സി/ലീഗൽ&ആർ.ടി.ഐ) / സെക്ഷൻ ഓഫീസർ(ജി.എ-എൽ) / സെക്ഷൻ ഓഫീസർ (ജി.എ-ജി) /കരുതൽ ശേഖരം / മിച്ചം.